"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനിഷ്ഠിച്ചു വരവെ ശ്രീ. ഹരിമോഹൻ വി-യ്ക്ക് **KSR** ഭാഗം **1** അനുബന്ധം **XII B** പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിലെ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.**2052/2026/LSGD** തീയതി,തിരുവനന്തപുരം, **31-10-2026**

പരാമർശം:- 1. **15/04/2024** തീയതി സ.ഉ.(സാധാ) നം.**745/2024/LSGD**

2. ശ്രീ. ഹരിമോഹൻ വി-യുടെ **20/07/2024** തീയതി അപേക്ഷ

3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **30/07/2026** തീയതി **LSGD/PD/31605/2024-DEC3** നമ്പർ കത്ത്

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ ശ്രീ. ഹരിമോഹൻ വി-യ്ക്ക് **(PEN-923938)** കെ.എസ്.ആർ ഭാഗം **1** അനുബന്ധം **XII B** പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി **18/03/2024** മുതൽ **17/03/2025** വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം **(1)** പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം **(1)** പ്രകാരം അനുവദിച്ച ശൂന്യാവധിയിലെ **06/07/2024** തീയതി മുതൽ **17/03/2025** തീയതി വരെയുള്ള ഉപയുക്തമാക്കാത്ത ഭാഗം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന പരാമർശം **(2)** പ്രകാരമുള്ള ശ്രീ. ഹരിമോഹൻ വി-യുടെ അപേക്ഷ അനുബന്ധ രേഖകൾ സഹിതം പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(3)** പ്രകാരം സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഹരിമോഹൻ വി-യ്ക്ക് പരാമർശം **(1)** പ്രകാരം **18/03/2024** മുതൽ **17/03/2025** വരെ അനുവദിച്ചു നൽകിയ ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത **06/07/2024** മുതൽ **17/03/2025** വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരിമോഹൻ വി, ഗായത്രി, മതിൽഭാഗം, തിരുവല്ല പി.ഒ, പത്തനംതിട്ട-689101.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി.എസ്.എസ്.എ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (e-2741147/ഡെവ-1/58/2024-ധന തീയതി 24/10/2026 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by Geetha. T. S
Date: 31-10-2026 16:35:34
സെക്ഷൻ ഓഫീസർ